എ.വൈ.ആർ

# സൂറ – 29 / അൽ അൻകബൂത്ത്

**സൂക്തം: 50 – 55**

മിഥ്യാ ദൈവങ്ങളിൽ വിശ്വസിക്കുന്നവർ തങ്ങൾ സാക്ഷാൽ ദൈവത്തെ നിഷേധിക്കുന്നുവെന്ന് സമ്മതിക്കാറില്ല. പരമേശ്വരനോടൊപ്പം അവന്റെ ബഹുമുഖ അവതാരങ്ങളെ അല്ലെങ്കിൽ അവന്റെ കീഴിലുള്ള ഉപദൈവങ്ങളെയും ആരാധിക്കുന്നുവെന്നാണ് നിലപാട്. ദൈവത്തിന് വ്യത്യസ്ത അവതാരങ്ങളും സഹകാരികളും ഉണ്ടെന്ന് സമ്മതിക്കുമ്പോൾ സാക്ഷാൽ ദൈവത്തിന്റെ പ്രഥമ ഗുണമായ 'ഏകത്വം' നിഷേധിക്കപ്പെടുന്നു. ദൈവത്തിൽനിന്ന് 'ഏകത്വം' നിഷേധിക്കപ്പെടുന്നതോടെ അല്ലാഹു സാക്ഷാൽ ദൈവം അല്ലാതാവുകയും സൃഷ്ടികളായ ബഹുദൈവങ്ങളിലൊന്നായി മാറുകയും ചെയ്യുന്നു.



وَقَالُوا لَوْلَا أُنزِلَ عَلَيْهِ آيَاتٌ مِّن رَّبِّهِ ۖ قُلْ إِنَّمَا الْآيَاتُ عِندَ
اللَّهِ وَإِنَّمَا أَنَا نَذِيرٌ مُّبِينٌ ﴿٥٠﴾

50. അവർ ചോദിക്കുന്നു. ഈ പ്രവാചകന് അദ്ദേഹത്തിന്റെ നാഥനിൽനിന്ന് ദൃഷ്ടാന്തങ്ങളൊന്നും ഇറങ്ങാത്തതെന്തേ? പ്രവാചകൻ അവരോട് പറയുക: ദൃഷ്ടാന്തങ്ങളുള്ളത് അല്ലാഹുവിങ്കൽ മാത്രമാകുന്നു. ഞാനൊരു തുറന്ന മുന്നറിയിപ്പുകാരൻ മാത്രം.

**50**

وَقَالُوا = അവർ പറഞ്ഞു (ചോദിക്കുന്നു)

لَوْلَا أُنزِلَ عَلَيْهِ = അവന് (ഈ പ്രവാചകന് ഇറങ്ങാത്ത)ഇറക്കപ്പെടാത്തതെന്തേ آيَاتٌ = ദൃഷ്ടാന്തങ്ങൾ (ഒന്നും)

مِّن رَّبِّهِ = അദ്ദേഹത്തിന്റെ നാഥങ്കൽനിന്ന് قُلْ = നീ (പ്രവാചകൻ) പറയുക إِنَّمَا الْآيَاتُ = ദൃഷ്ടാന്തങ്ങൾ (ഉള്ളത്)

عِندَ اللَّهِ = അല്ലാഹുവിങ്കൽ മാത്രമാകുന്നു وَإِنَّمَا أَنَا نَذِيرٌ مُّبِينٌ = ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രം

അവിശ്വാസികൾ സാധാരണ ഉന്നയിക്കാറുള്ള ചോദ്യമാണിത്. പ്രവാചകനോട് നേരിട്ടിത് ചോദിക്കാറുള്ളത് ഖുറൈശികളാണെങ്കിലും ചോദ്യത്തിന്റെ ഉറവിടം വേദക്കാരായ യഹൂദരും ക്രൈസ്തവരുമാണ്. ഖുറൈശികളെ പ്രവാചകനെതിരെ ഇളക്കിവിടാൻ അവർ പറഞ്ഞു: ഏറെ പ്രവാചകന്മാർ ആഗതരായിട്ടുള്ള സമുദായങ്ങളാണ് ഞങ്ങൾ. ഞങ്ങളിൽ വന്ന പ്രവാചകന്മാരെല്ലാം ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടാണ് പ്രവാചകത്വം സ്ഥാപിച്ചിരുന്നത്. മൂസാ(അ)യുടെ പക്കൽ നിലത്തിട്ടാൽ സർപ്പമാകുന്ന വടി. ഈസാ(അ) മരിച്ചവരെ ജീവിപ്പിച്ചു, കുഷ്ഠരോഗികളെയും പാണ്ഡുരോഗികളെയും സുഖപ്പെടുത്തി. അങ്ങനെ പ്രവാചകത്വം വാദിക്കുന്ന മുഹമ്മദിനോട് നിങ്ങൾ ചോദിച്ചുനോക്കൂ. പ്രവാചകത്വം തെളിയിക്കാൻ അതുപോലുള്ള ദിവ്യദൃഷ്ടാന്തങ്ങളൊന്നും നീ പ്രത്യക്ഷപ്പെടുത്താത്തതെന്തേ? അവിടെ പൊളിഞ്ഞോളും അയാളുടെ കള്ളി. വേദക്കാരുപദേശിച്ച ഈ തന്ത്രം വിഗ്രഹാരാധകർക്ക് വലിയ പിൻബലമായി. അവരത് നന്നായി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പ്രവാചകനെ നിഷേധിക്കാൻ ഇത്തരം തന്ത്രങ്ങൾ മെനഞ്ഞു കൊടുക്കാൻ വാസ്തവത്തിൽ ഇസ്രാഈല്യരെ പ്രേരിപ്പിച്ചത്, ഇസ്മാഈല്യരിൽ ഒരു പ്രവാചകൻ ആഗതനാകുന്നതിലുള്ള അസൂയയും അസഹിഷ്ണുതയുമായിരുന്നു. അത് മനസ്സിലാക്കാതെ അജ്ഞരായ അറബികൾ അതൊക്കെ ഇസ്രാഈല്യരിൽനിന്ന് ലഭിക്കുന്ന വിലപ്പെട്ട സഹായങ്ങളായി സ്വീകരിച്ചു. ദിവ്യാത്ഭുതങ്ങളാവശ്യപ്പെടുന്നവർക്ക് ഖുർആൻ നൽകുന്ന മറുപടി ഇതാണ്: ദിവ്യാത്ഭുതങ്ങളൊന്നും പ്രവാചകന്റെ അധീനതയിലുള്ളതല്ല. അതെല്ലാം അല്ലാഹുവിന്റെ മാത്രം അധികാരത്തിലാകുന്നു. അവനിഛിക്കുമ്പോൾ, ഇഛിക്കുന്നവരിലൂടെ, ഇഛിക്കുന്ന രൂപത്തിൽ അത് പ്രത്യക്ഷപ്പെടും. ദിവ്യാത്ഭുതങ്ങളുടെ ഏ

ജന്റായിട്ടല്ല പ്രവാചകന്‍ നിയുക്തനാകുന്നത്. ആളുകളെ ദിവ്യാത്ഭുതങ്ങള്‍ കാട്ടി വശീകരിക്കുകയല്ല, വ്യക്തമായ മുന്നറിയിപ്പ് നല്‍കി മാനസാന്തരപ്പെടുത്തുകയാണ് അദ്ദേഹത്തിന്റെ ദൗത്യം. ആ ദൗത്യം നിര്‍വഹിച്ചുകഴിഞ്ഞാല്‍ പിന്നെ എല്ലാം അല്ലാഹുവിന്റെ ഇഛാനുസാരം നടക്കും. പ്രവാചകന്‍ അവകാശപ്പെടുന്നത് പ്രവാചകത്വം മാത്രമാണ്. ജനം ആവശ്യപ്പെടുന്ന അത്ഭുതങ്ങള്‍ പ്രത്യക്ഷപ്പെടുത്താന്‍ കഴിയുന്ന ദിവ്യത്വമല്ല. ●

---

أَوَلَمْ يَكْفِهِمْ أَنَّا أَنزَلْنَا عَلَيْكَ الْكِتَابَ يُتْلَىٰ عَلَيْهِمْ ۚ إِنَّ فِي ذَٰلِكَ لَرَحْمَةً وَذِكْرَىٰ لِقَوْمٍ يُؤْمِنُونَ ﴿٥١﴾

51. അവര്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വേദം നാം നിനക്ക് അവതരിപ്പിച്ചുതന്നത് അവര്‍ക്ക് മതിയായ ദൃഷ്ടാന്തമായിട്ടല്ലയോ? വിശ്വസിക്കണമെന്നുള്ള ജനത്തിന് അതില്‍ തീര്‍ച്ചയായും ദൈവകാരുണ്യവും ഓര്‍മപ്പെടുത്തലുമുണ്ട്.

**51**

أَوَلَمْ يَكْفِهِمْ = അവര്‍ക്ക് മതിയായിട്ടില്ലേ (മതിയായ ദൃഷ്ടാന്തമായിട്ടില്ലയോ)
أَنَّا أَنزَلْنَا عَلَيْكَ الْكِتَابَ = നാം ഈ വേദം നിനക്ക് അവതരിപ്പിച്ചുതന്നത്
يُتْلَىٰ عَلَيْهِمْ = അവര്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന إِنَّ فِي ذَٰلِكَ = തീര്‍ച്ചയായും ഇതില്‍ ഉണ്ട്
لَرَحْمَةً = ദൈവകാരുണ്യം(വും) وَذِكْرَىٰ = സ്മരണയും (ഓര്‍മപ്പെടുത്തലും)
لِقَوْمٍ يُؤْمِنُونَ = വിശ്വസിക്കുന്ന(സിക്കണമെന്നുള്ള) ജനത്തിന്

ദിവ്യാത്ഭുതം തേടുന്നവര്‍ക്കുള്ള സമഗ്രമായ മറ്റൊരു മറുപടിയാണിത്. അവര്‍ വായിച്ചു കേള്‍പ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വേദം താങ്കള്‍ക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു എന്നതുതന്നെ താങ്കളുടെ പ്രവാചകത്വവും ദൈവിക ദൗത്യവും സാക്ഷ്യപ്പെടുത്താന്‍ മതിയായ ദൃഷടാന്തമായി അവര്‍ മനസ്സിലാക്കാത്തതെന്തേ? അതിലെ ഓരോ സൂക്തവും അത് ദൈവത്തിങ്കല്‍നിന്നുള്ളതാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നില്ലേ? അതിന്റെ പാരായകനാണെങ്കില്‍ അവരുടെ മുന്നില്‍ തന്നെയുണ്ടു താനും. ഇത്രയും ഗംഭീരമായ ദിവ്യാത്ഭുതമിരിക്കെ മറ്റൊരത്ഭുതത്തിന്റെ ആവശ്യമെന്താണ്? പൂര്‍വ പ്രവാചകന്മാര്‍ പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതങ്ങള്‍ അവരുടെ കാലത്ത് അവര്‍ക്ക് ചുറ്റുമുണ്ടായിരുന്നവര്‍ക്കു മാത്രം കാണാന്‍ കഴിയുന്ന ദൃഷ്ടാന്തങ്ങളായിരുന്നുവല്ലോ. ദൂരദേശക്കാര്‍ക്കും പില്‍ക്കാലക്കാര്‍ക്കും ആ അത്ഭുതങ്ങള്‍ കേട്ടറിവു മാത്രമാകുന്നു. സദാ പാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഖുര്‍ആന്‍ ആകുന്ന മഹാ ദൃഷ്ടാന്തം ലോകാവസാനം വരെ എന്നും എവിടെയുമുള്ള എല്ലാ ജനങ്ങള്‍ക്കും നേരിട്ട് ഗോചരമാകുന്നു. പൂര്‍വ പ്രവാചകന്മാരുടെ ദിവ്യാത്ഭുതങ്ങളേറെയും ദൃഷ്ടാക്കളെ അമ്പരപ്പിക്കുന്നവയാണ്. ഖുര്‍ആന്‍ ആകുന്ന ദൃഷ്ടാന്തം ബുദ്ധിപരവും കൂടിയാണ്. അത് ദൃഷ്ടാക്കളെ ചിന്തിപ്പിക്കുകയും സത്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

അല്ലാഹുവിന് അവനിഛിക്കുന്ന ഏതു ദിവ്യാത്ഭുതവും ഉളവാക്കാം. അത്ഭുത കാഴ്ചകളാവാം, അത്ഭുത ശബ്ദങ്ങളാവാം, അത്ഭുത സൃഷ്ടികളാകാം, രോഗങ്ങളാകാം, ശിക്ഷകളാകാം. അതൊന്നുമല്ലാതെ ഖുര്‍ആന്‍ പോലെ ഒരേ സമയം അത്ഭുതകരവും ചിന്തോദ്ദീപകവുമായ ദിവ്യാത്ഭുതം അവതരിപ്പിച്ചുതന്നത് അവങ്കല്‍നിന്നുള്ള മഹത്തായ കാരുണ്യവും സുവ്യക്തമായ ഓര്‍മപ്പെടുത്തലുമാകുന്നു. ذِكْرَىٰ എന്ന വാക്കിന്റെ അര്‍ഥം 26:209 സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. ഇവിടെ ذِكْرَىٰ കൊണ്ടുദ്ദേശിക്കുന്നത്, മനുഷ്യനെ അവന്റെ പ്രകൃതിയില്‍ ഉള്‍ച്ചേര്‍ന്നിട്ടുള്ളതും എന്നാല്‍ വിസ്മൃതമായി കിടക്കുന്നതുമായ അവന്റെ ഉണ്മയുടെ യാഥാര്‍ഥ്യങ്ങള്‍- ജീവിത യാത്രയുടെ ഉത്ഭവം, ലക്ഷ്യം, ലക്ഷ്യത്തിലേക്കുള്ള ശരിയായ മാര്‍ഗം തുടങ്ങിയ കാര്യങ്ങള്‍ ഈ ഖുര്‍ആന്‍ അനുസ്മരിപ്പിക്കുന്നു എന്നാണ്. ഖുര്‍ആനിന്റെ സത്യം സ്ഥിരപ്പെടുത്താന്‍ അവന് പുറമെ നിന്നുള്ള ദിവ്യാത്ഭുതങ്ങളൊന്നും ആവശ്യമില്ല. ഖുര്‍ആനികാധ്യാപനങ്ങളെ സ്വന്തം പ്രകൃതിയുമായി ഒന്നൊത്തു നോക്കിയാല്‍ മതി, സത്യം അറിയാനും അംഗീകരിക്കാനും ആഗ്രഹിക്കുന്ന ബുദ്ധിയെയും വിവേകത്തെയും ആസക്തികള്‍ക്ക് പണയപ്പെടുത്താത്ത മനസ്സുകള്‍ വിളിച്ചുപറയും; ഖുര്‍ആന്‍ പറയുന്നത് തികഞ്ഞ സത്യങ്ങളാണെന്ന്. ●

---

قُلْ كَفَىٰ بِاللَّهِ بَيْنِي وَبَيْنَكُمْ شَهِيدًا ۖ يَعْلَمُ مَا فِي السَّمَاوَاتِ وَالْأَرْضِ ۗ وَالَّذِينَ آمَنُوا بِالْبَاطِلِ وَكَفَرُوا بِاللَّهِ أُولَٰئِكَ هُمُ الْخَاسِرُونَ ﴿٥٢﴾

52 പ്രവാചകന്‍ പറയുക: എനിക്കും നിങ്ങള്‍ക്കുമിടയില്‍ സാക്ഷിയായി അല്ലാഹു മതി. ആകാശഭൂമികളിലുള്ളതൊക്കെയും അവന്‍ അറിയുന്നുണ്ട്. മിഥ്യയില്‍ വിശ്വസിക്കുന്നവരും അല്ലാഹുവിനെ നിഷേധിക്കുന്നവരുമുണ്ടല്ലോ, അക്കൂട്ടര്‍ മഹാ നഷ്ടത്തിലകപ്പെട്ടവര്‍ തന്നെയാകുന്നു.

**52**

قُلْ = നീ (പ്രവാചകൻ) പറയുക കَفَىٰ بِاللَّهِ = അല്ലാഹു മതിയായിരിക്കുന്നു
بَيْنِي وَبَيْنَكُمْ = എനിക്കും നിങ്ങൾക്കുമിടയിൽ شَهِيدًا = സാക്ഷിയായിട്ട്
يَعْلَمُ = അവൻ അറിയുന്നു(ണ്ട്) مَا فِي السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമികളിലുള്ളത് (ഒക്കെയും)
وَالَّذِينَ آمَنُوا بِالْبَاطِلِ = മിഥ്യയിൽ വിശ്വസിച്ചവരും وَكَفَرُوا بِاللَّهِ = അല്ലാഹുവിനെ നിഷേധിച്ചവരും (ഉണ്ടല്ലോ)
أُولَٰئِكَ = അക്കൂട്ടർ هُمُ الْخَاسِرُونَ = അവർ നഷ്ടപ്പെട്ടവർ (മഹാ നഷ്ടത്തിലകപ്പെട്ടവർ തന്നെയാകുന്നു

ദിവ്യാത്ഭുതം തേടുന്നവരോടുള്ള പ്രതികരണം ഉപസം ഹരിക്കുകയാണ്. ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സംശയങ്ങളും വിമർശനങ്ങളുമെല്ലാം കേവലം ഉപരിപ്ലവങ്ങളാകുന്നു. താങ്കൾ ദൈവദൂതനും താങ്കളുടെ പ്രബോധനം അക്ഷരം പ്രതി സത്യവും ആകുന്നു എന്ന് അവരുടെ മനസ്സാക്ഷി സമ്മതിക്കുന്നുവെന്നത് അടിസ്ഥാനപരമായ യാഥാർഥ്യമാകുന്നു. എന്നിരിക്കെ ഇനിയും അവരോട് ഏറെ തർക്കിച്ചിട്ടു കാര്യമില്ല. ഇനി അവരുടെ കാര്യം അല്ലാഹുവിനു വിടുക. പ്രവാചകൻ അവരോട് പറഞ്ഞേക്കുക: എന്റെ പ്രവാചകത്വത്തിന്റെ സാക്ഷ്യമാണല്ലോ നിങ്ങൾ ആവശ്യപ്പെടുന്നത്. അതിനു വേണ്ട തെളിവുകൾ ഞാൻ നൽകിക്കഴിഞ്ഞു. അതൊന്നും സ്വീകരിക്കുന്നില്ലെങ്കിൽ, ഇനി എനിക്കും നിങ്ങൾക്കും മതിയായ സാക്ഷി അല്ലാഹു തന്നെയാകുന്നു. അവൻ പ്രപഞ്ചത്തിലെ സകല കാര്യങ്ങളും സൂക്ഷ്മമായി അറിഞ്ഞുകൊണ്ടിരിക്കുന്നവനാണല്ലോ. ഞാൻ സ്വാർഥ ലാഭങ്ങൾക്കു വേണ്ടി അവന്റെ പേരിൽ കള്ളങ്ങൾ കെട്ടിച്ചമച്ച് നിങ്ങളെ വഞ്ചിക്കുകയാണെങ്കിൽ അതിന് അവൻ സാക്ഷിയാണ്. എന്നെ അവൻ വെറുതെ വിടാൻ പോകുന്നില്ലെന്ന് ഉറപ്പാണ്. അതുപോലെ യഥാർഥത്തിൽ എന്റെ നിജഃസ്ഥിതി ബോധ്യപ്പെടാത്തതുകൊണ്ടാണ് നിങ്ങൾ എന്നെ നിഷേധിക്കുന്നതെങ്കിൽ അതും, അതല്ല എല്ലാം അറിഞ്ഞുകൊണ്ടുതന്നെ, നിങ്ങളുടെ ആചാര്യ പദവിയും മേധാവിത്തവും നിലനിർത്തുന്നതിനു വേണ്ടി മനപ്പൂർവം നിഷേധിക്കുകയാണെങ്കിൽ അതും അവൻ നന്നായറിയുന്നുണ്ട്. ഉയിർത്തെഴുന്നേൽപ്പുനാളിൽ ഈ രഹസ്യങ്ങളെല്ലാം അവൻ നാം രണ്ടു കക്ഷികൾക്കും തുറന്നുകാണിച്ചുതരും. ഓർത്തിരിക്കുക: അറിഞ്ഞുകൊണ്ട് മിഥ്യകളിൽ വിശ്വാസമർപ്പിക്കുകയും അല്ലാഹുവിനെ -സാക്ഷാൽ ദൈവത്തെ- നിഷേധിക്കുകയും ചെയ്യുന്നവർ ആരായാലും അവർ പരലോകത്ത് എല്ലാം നഷ്ടപ്പെട്ടവർ തന്നെയാകുന്നു.

മിഥ്യാ ദൈവങ്ങളിൽ വിശ്വസിക്കുന്നവർ തങ്ങൾ സാക്ഷാൽ ദൈവത്തെ നിഷേധിക്കുന്നുവെന്ന് സമ്മതിക്കാറില്ല. പരമേശ്വരനോടൊപ്പം അവന്റെ ബഹുമുഖ അവതാരങ്ങളെ അല്ലെങ്കിൽ അവന്റെ കീഴിലുള്ള ഉപദൈവങ്ങളെയും ആരാധിക്കുന്നുവെന്നാണ് നിലപാട്. ദൈവത്തിന് വ്യത്യസ്ത അവതാരങ്ങളും സഹകാരികളും ഉണ്ടെന്ന് സമ്മതിക്കുമ്പോൾ സാക്ഷാൽ ദൈവത്തിന്റെ പ്രഥമ ഗുണമായ 'ഏകത്വം' നിഷേധിക്കപ്പെടുന്നു. ദൈവത്തിൽനിന്ന് 'ഏകത്വം' നിഷേധിക്കപ്പെടുന്നതോടെ അല്ലാഹു സാക്ഷാൽ ദൈവം അല്ലാതാവുകയും സൃഷ്ടികളായ ബഹുദൈവങ്ങളിലൊന്നായി മാറുകയും ചെയ്യുന്നു. ●

---

وَيَسْتَعْجِلُونَكَ بِالْعَذَابِ ۚ وَلَوْلَا أَجَلٌ مُّسَمًّى لَّجَاءَهُمُ الْعَذَابُ وَلَيَأْتِيَنَّهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٥٣﴾

53. ഈ ജനം ദൈവശിക്ഷക്കു വേണ്ടി തിരക്കു കൂട്ടുന്നു. കൃത്യമായ ഒരവധി നിശ്ചയിച്ചിട്ടില്ലായിരുന്നുവെങ്കിൽ ശിക്ഷ ഇതിനകം അവരിൽ വന്നുഭവിച്ചിട്ടുണ്ടാകുമായിരുന്നു. അതിന്റെ സമയമാകുമ്പോൾ, അവർക്ക് അതേപ്പറ്റി ധാരണയില്ലാതിരിക്കെ ആകസ്മികമായി അതവരിൽ വന്നു ഭവിക്കുക തന്നെ ചെയ്യും.

**53**

وَيَسْتَعْجِلُونَكَ = നിന്നോടവർ (ഈ ജനം) തിരക്കു കൂട്ടുന്നു بِالْعَذَابِ = (ദൈവ) ശിക്ഷക്കു വേണ്ടി
وَلَوْلَا أَجَلٌ مُّسَمًّى = (കൃത്യമായ) ഒരവധി നിശ്ചയിച്ചിട്ടില്ലായിരുന്നുവെങ്കിൽ
لَّجَاءَهُمُ الْعَذَابُ = അവർക്കു ശിക്ഷ വന്നതുതന്നെ (ശിക്ഷ ഇതിനകം അവരിൽ വന്നുഭവിച്ചിട്ടുണ്ടാകുമായിരുന്നു)
وَلَيَأْتِيَنَّهُم = അവർക്ക് അത് വരിക (വന്നു ഭവിക്കുക) തന്നെ ചെയ്യും بَغْتَةً = ആകസ്മികമായി
وَهُمْ لَا يَشْعُرُونَ = അവർക്ക് ധാരണയില്ലാതിരിക്കെ (അതിന്റെ സമയമാകുമ്പോൾ അതേപ്പറ്റി)

പ്രവാചകനെയും ഖുർആനിനെയും തള്ളിപ്പറയുന്നവർ അതിൽ വിശ്വസിക്കണമെങ്കിൽ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തണമെന്നാവശ്യപ്പെടുന്നതിനെക്കുറിച്ച് മുൻ സൂക്തങ്ങൾ പറഞ്ഞുവല്ലോ. അവരുടെ ആവശ്യങ്ങളിൽ ഒന്ന് ഇതായിരുന്നു: നിന്റെ പ്രവാചകത്വവും വേദവും തള്ളിക്കളയുന്ന നാട്ടുകാരിൽ ദൈവ കോപമിറങ്ങും, അഥവാ കൊടിയ ശിക്ഷയിറങ്ങും എന്ന് നീ ഭീഷണിപ്പെടുത്താറുണ്ടല്ലോ. ഞങ്ങളിതാ തള്ളിപ്പറയുകയും ദ്രോഹിക്കുകയും

ചെയ്തുകൊണ്ടിരിക്കുന്നു. ഇതുവരെ ഒന്നും സംഭവിച്ചിട്ടില്ല. നിന്റെ ഭീഷണിയിൽ വല്ല കഴമ്പുമുണ്ടെങ്കിൽ അപ്പറഞ്ഞ ശിക്ഷ വേഗം ഒന്നിറക്കിക്കാണിക്കുക. അതല്ലാതെ വെറുതെ ഞങ്ങളെ വിരട്ടാൻ നോക്കേണ്ട. ഈ വെല്ലുവിളിയും അതിനുള്ള മറുപടിയും ഖുർആൻ പലയിടത്തും പരാമർശിച്ചിട്ടുണ്ട്. ഇവിടെ നൽകുന്ന മറുപടിയുടെ സാരമിതാണ്: ആളുകൾ ആവശ്യപ്പെടുന്ന മുറക്ക് ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുക, ശിക്ഷയിറക്കുക എന്നതൊന്നും അല്ലാഹുവിന്റെ രീതിയല്ല. അതിനൊക്കെ അല്ലാഹു കൃത്യമായ സമയവും സന്ദർഭവും നിശ്ചയിച്ചിട്ടുണ്ട്. അതില്ലായിരുന്നുവെങ്കിൽ ഇതിനകം ഈ ജനം ശിക്ഷിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. ആരെ ശിക്ഷിക്കണം, എപ്പോൾ ശിക്ഷിക്കണമെന്നൊക്കെ തീരുമാനിക്കപ്പെട്ട സമയവും സന്ദർഭവും അല്ലാഹുവിനു മാത്രമേ അറിയൂ. സമയം വന്നാൽ ആരാലും അതു തടുക്കാനാവുകയില്ല. ശിക്ഷയിറങ്ങുകയാണെങ്കിൽ അത് നേരത്തേ നോട്ടീസ് തന്നിട്ടൊന്നുമായിരിക്കില്ല. നിങ്ങൾ അതേക്കുറിച്ച് ഒരു വിചാരവുമില്ലാതെ വിഹരിക്കുമ്പോൾ പെട്ടെന്നായിരിക്കും അതിറങ്ങുക. അപ്പോൾ അതിൽ നാശമടയുകയല്ലാതെ നിങ്ങൾക്ക് ഗത്യന്തരമുണ്ടാവില്ല.

ഒരു നാട്ടിൽ കുറേയാളുകൾ സത്യനിഷേധികളായാൽ ഉടനെ ശിക്ഷിക്കുകയല്ല അല്ലാഹുവിന്റെ നടപടിക്രമം. ആദ്യം അവരെ സത്യത്തിലേക്കും ധർമത്തിലേക്കും നയിക്കാൻ സത്യപ്രബോധകരെ നിയോഗിക്കുന്നു. പുനരാലോചനക്കും വീണ്ടെടുപ്പിനും വേണ്ടത്ര സമയവും അനുവദിക്കുന്നു. അതെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് മുന്നോട്ടുപോവുകയും നാട്ടുകാരിൽ ബഹുഭൂരിപക്ഷവും അധർമത്തിന്റെയും അനീതിയുടെയും പരമകാഷ്ഠയിലെത്തുകയും അവരുടെ വീണ്ടെടുപ്പിന് യാതൊരു സാധ്യതയും അവശേഷിക്കാതാവുകയും ചെയ്യുമ്പോഴാണ് അല്ലാഹു അവന്റെ നശീകരണായുധം അവരുടെ നേരെ തൊടുക്കുക. പ്രവാചകന്റെ മക്കാ ജീവിതകാലത്ത് സമുദായത്തിന്റെ ഭൂരിപക്ഷം അദ്ദേഹത്തെ തള്ളിപ്പറയുകയും അദ്ദേഹം പ്രബോധനം ചെയ്ത സത്യധർമങ്ങൾ നിഷേധിക്കുകയും ചെയ്തിരുന്നുവെങ്കിലും അവരിൽ ഒറ്റയും തെറ്റയുമായി വ്യക്തികൾ പ്രവാചകനിൽ വിശ്വസിച്ച് അദ്ദേഹത്തിന്റെ ആദർശത്തിനു ജീവിതം സമർപ്പിക്കാൻ മുന്നോട്ടുവന്നുകൊണ്ടിരുന്നു. അതുതന്നെ ആ സമുദായം ഉന്മൂലനം ചെയ്യപ്പെടാതിരിക്കാൻ മതിയായ കാരണമായിരുന്നു. പിൽക്കാലത്ത് ആ സമൂഹം മുഴുവൻ സത്യവിശ്വാസികളായി മാറാനുള്ള സാധ്യതയുമുണ്ടായിരുന്നു. ഹിജ്റക്കു ശേഷം മക്കാ വിമോചനം നടന്നതോടെ ആ സാധ്യത യാഥാർഥ്യമാവുകയും ചെയ്തു. ●

---

يَسْتَعْجِلُونَكَ بِالْعَذَابِ وَإِنَّ جَهَنَّمَ لَمُحِيطَةٌ بِالْكَافِرِينَ ﴿٥٤﴾

54. ശിക്ഷ വേഗമെത്താൻ ഇവർ ധൃതി കൂട്ടുകയാണല്ലോ. എന്നാൽ സത്യധർമങ്ങൾ നിഷേധിച്ചവരെ വലയം ചെയ്തുകൊണ്ടിരിക്കുകയാണ് നരകം.

يَوْمَ يَغْشَاهُمُ الْعَذَابُ مِن فَوْقِهِمْ وَمِن تَحْتِ أَرْجُلِهِمْ وَيَقُولُ ذُوقُوا مَا كُنتُمْ تَعْمَلُونَ ﴿٥٥﴾

55. മീതെ നിന്നും പാദത്തിനടിയിൽനിന്നും അതവരെ മൂടുകയും 'ഇനി നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലം ആസ്വദിച്ചുകൊള്ളുവിൻ' എന്ന് പറയുകയും ചെയ്യുന്ന നാൾ വരുന്നുണ്ട്.

**54,55**

يَسْتَعْجِلُونَكَ بِالْعَذَابِ = ശിക്ഷക്ക് (വേഗമെത്താൻ) ഇവർ ധൃതി കൂട്ടുന്നു(ട്ടുകയാണല്ലോ)

وَإِنَّ جَهَنَّمَ لَمُحِيطَةٌ = (എന്നാൽ) തീർച്ചയായും നരകം വലയം ചെയ്യുന്നതുതന്നെ (ചെയ്തുകൊണ്ടിരിക്കുകയാണ്)

بِالْكَافِرِينَ = (സത്യധർമങ്ങൾ) നിഷേധിച്ചവരെ يَوْمَ يَغْشَاهُمُ = അവരെ മൂടുന്ന നാൾ (വരുന്നുണ്ട്)

الْعَذَابُ = ശിക്ഷ مِن فَوْقِهِمْ = അവരുടെ മീതെനിന്ന് وَمِن تَحْتِ أَرْجُلِهِمْ = അവരുടെ പാദങ്ങൾക്കടിയിൽനിന്നും

وَيَقُولُ = (അവരോട്) പറയുന്ന(യുകയും ചെയ്യുന്ന) ذُوقُوا = (ഇനി) ആസ്വദിച്ചുകൊള്ളുവിൻ (എന്ന്)

مَا كُنتُمْ تَعْمَلُونَ = നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെ (തിന്റെ ഫലം)

ഇവിടെ ശിക്ഷക്കു വേണ്ടിയുള്ള അവരുടെ ധൃതി- استعجال - ആവർത്തിച്ചിരിക്കുന്നത് അങ്ങനെ ഒരാവശ്യം ഉന്നയിക്കുന്നതിലുള്ള അതിശയം പ്രകടിപ്പിക്കാനാണ്. അതായത്, ഇക്കൂട്ടർ രക്ഷയല്ല ശിക്ഷയാണ് ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് ഒരിക്കലും സംഭവിക്കാനിടയില്ലാത്ത പൊള്ളയായ ഭീഷണി മാത്രമാണെന്നാണവരുടെ വിചാരം. എന്നാൽ സത്യധർമങ്ങൾ നിഷേധിച്ചു വാഴുന്നവരെ നരകം ഇപ്പോഴേ വലയം ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ് വാസ്തവം. അവരുടെ ഓരോ ദുഷ്ചെയ്തിയും നരകവലയത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും അവരോടടുപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ വശങ്ങളിൽനിന്നു മാത്രമല്ല, മീതെ നിന്നും താഴെ നിന്നുമെല്ലാം അതവരെ മൂടിക്കളയുന്ന ഒരുനാൾ വരുന്നുണ്ട്. അവരാവശ്യപ്പെടുന്ന ശിക്ഷയുടെ കൊരടാവുകൾ പണിതുകൊണ്ടിരിക്കുന്നത് അവരുടെ കരങ്ങൾ തന്നെയാണ്. അവരുടെ കർമങ്ങളാണ് ഒരുനാൾ ശിക്ഷകളായി അവരെ വന്നു മൂടുന്നത്. അന്ന് അവരോട് പറയും: ഇനി നിങ്ങൾ ഇതുവരെ ചെയ്ത കർമങ്ങളുടെ ഫലം ആസ്വദിച്ചുകൊള്ളുക. ഇത് പറയുന്നത് ആരെന്ന് വ്യക്തമാക്കിയിട്ടില്ല. വക്താവ് അല്ലാഹുവാകാം, മലക്കുകളാവാം, നരകം തന്നെയുമാകാം. ഇങ്ങനെ നാനാ ഭാഗത്തുനിന്നും വന്ന് തങ്ങളെ മൂടാൻ കാത്തുനിൽക്കുന്ന ശിക്ഷക്കു വേണ്ടിയാണല്ലോ അവർ ധൃതികൂട്ടുന്നത്! ●